(ബി) എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നെൽക്കൃഷിയിടങ്ങൾ നികത്തുന്നത് തടയുന്ന ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) പാലക്കാട് ജില്ലയിൽ നെൽക്കൃഷിയിടം നികത്തിയതിന് ആർക്കെങ്കിലും എതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) നെൽക്കൃഷിയിടങ്ങൾ നികത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1967-ലെ കേരള ഭൂവിനിയോഗ നിയമം കർശനമായി പാലിക്കുന്നതിന് ജില്ലാ കലക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നെൽക്കൃഷിയിടങ്ങൾ അനധികൃതമായി നികത്തുന്നത് തടയാൻ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് നിലവിലുണ്ട്.

(ഡി) ഉണ്ട്. 3314 കേസ്സുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

തൃശ്ശൂർ സീഡ് ഫാമിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള അഴിമതി ആരോപണം

113 [397] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സീഡ് ഫാമിലെ ഏതാനും ഉദ്യോഗസ്ഥരും മറ്റു ചില പൊതു പ്രവർത്തകരും ചേർന്ന് സീഡ് ഫാമിലെ നെൽവിത്തിന് പകരം കൊല്ലംകോട് പ്രദേശത്തുള്ള റൈസ് മില്ലുകളിൽ നിന്നും ഗുണനിലവാരം കുറഞ്ഞ നെല്ല് സീഡ് ഫാമിന്റെ ലേബൽ ഉള്ള ചാക്കിൽ സംഭരിച്ച് 14 രൂപ നിരക്കിൽ കൃഷിക്കാർക്ക് വിറ്റ് അഴിമതി നടത്തിയതായ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വരൾച്ചമൂലം സംസ്ഥാനത്തുണ്ടായ കൃഷിനാശം

114 [399] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തകാലത്തുണ്ടായ വരൾച്ചമൂലം സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ കൃഷി നാശം ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച് കൃഷി വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച് കേന്ദ്രസഹായത്തിനുവേണ്ടി കൃഷി വകുപ്പോ സംസ്ഥാന സർക്കാരോ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) വരൾച്ചാധനസഹായമായി കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും സഹായങ്ങൾ നൽകിയിട്ടുണ്ടോ? എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) വരൾച്ചമൂലമുള്ള കൃഷിനാശത്തിന് വിധേയരായ കർഷകർക്ക് സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങളാണ് പ്രഖ്യാപിച്ചത്; അവയിൽ എന്തെല്ലാം കർഷകർക്ക് നൽകുകയുണ്ടായി; വെളിപ്പെടുത്തുമോ;

(എഫ്) ഇതിനായി കൃഷി വകുപ്പും സംസ്ഥാനസർക്കാരും എന്തു തുക ചെലവാക്കി; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2003-2004 കാലഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ വരൾച്ചമൂലം 1431.46 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കപ്പെടുന്നു.

(ബി) പഠനം നടത്തിയിട്ടുണ്ട്. 2003-2004 കാലഘട്ടത്തിൽ വരൾച്ചമൂലം സംസ്ഥാനത്തൊട്ടാകെ 68,644 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും, 104029 ഹെക്ടർ സ്ഥലത്തെ കൃഷി ഭാഗീകമായും നഷ്ടപ്പെട്ടിട്ടുണ്ട്. ഇതുമൂലം 1431.46 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. വരൾച്ച ഏറ്റവുമധികം ബാധിച്ചത്, നെൽക്കൃഷിയെയാണ്. 57441 ഹെക്ടർ സ്ഥലത്തെ നെല്ല് പൂർണ്ണമായും 23321 ഹെക്ടർ സ്ഥലത്തെ നെല്ല് ഭാഗികമായും നഷ്ടപ്പെട്ടു. ഇതുമൂലം 161.524 കോടി രൂപയുടെ നഷ്ടമാണ് സംഭവിച്ചത്.

(സി) ഉണ്ട്.

(ഡി) കേന്ദ്രസഹായം ഒന്നും ലഭിച്ചിട്ടില്ല.

(ഇ) വരൾച്ചമൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. നൽകിവരുന്ന നഷ്ടപരിഹാര തുക അപര്യാപ്തമെന്ന് കണ്ട് 2003 റാബീസീസൺ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം നഷ്ടപരിഹാരത്തോത് 100 ശതമാനംകണ്ട് വർദ്ധിപ്പിച്ചു. വരൾച്ചമൂലം, 25 ശതമാനമോ അതിൽ കൂടുതലോ കൃഷിനാശം സംഭവിച്ച കർഷകർക്ക് വീണ്ടും കൃഷി ഇറക്കുന്നതിന് വിത്തും കുമ്മായവും സൗജന്യമായി വിതരണം ചെയ്തുവരുന്നു. കൃഷിനാശം മൂലം വായ്പത്തുക തിരിച്ചടയ്ക്കാൻ കഴിയാതെ വലയുന്ന കർഷകർക്ക് ആശ്വാസം നൽകുന്നതിനായി 23-1-2004 മുതൽ ഒരു വർഷത്തേയ്ക്ക് മോറൊട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കൃഷിനാശത്തിനുള്ള ധനസഹായം ലഭിക്കുന്നതിനുള്ള കർഷകന്റെ കുടുംബവാർഷിക വരുമാനപരിധി 25,000 രൂപ ആയിരുന്നത് നീക്കം ചെയ്യുന്നതുകൂടാതെ ഭൂപരിധിയുടെ കാര്യത്തിലും ഇളവ് നൽകി. ഇതുമൂലം കേരള ഭൂപരിഷ്ക്കരണ നിയമപ്രകാരം നിശ്ചയിച്ചിട്ടുള്ള ഭൂപരിധിയ്ക്കുതാഴെയുള്ള കർഷകർ കൃഷി നാശത്തിനുള്ള ധന സഹായത്തിന് അർഹരാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി 3431.42 ലക്ഷം രൂപ വിവിധ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 2632.59 ലക്ഷം രൂപ 2,46,764 കർഷകർക്കായി ഇതിനകം വിതരണം ചെയ്തു.

കുട്ടനാടൻ പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറാതിരിക്കുവാൻ നടപടി

115 [402] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ പാടശേഖരങ്ങളിൽ ഉപ്പ് വെള്ളം കയറാതിരിക്കുവാൻ തോട്ടപ്പള്ളി സ്പിൽവേയുടേയും, തൃക്കുന്നപ്പുഴ ചീപ്പിന്റെയും നിയന്ത്രണം കൃഷി വകുപ്പ് ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കാർത്തികപ്പള്ളി താലൂക്കിലെ ഓരു വെള്ളം കടന്നുവരുന്ന തോടുകളിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഓരുമുട്ടുകൾ ഇടുവാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച നടപടി നിലവിൽ ഇറിഗേഷൻ വകുപ്പും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനവുമാണ് നിർവ്വഹിക്കുന്നത്. കൃഷി വകുപ്പ് ഏറ്റെടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) കാർത്തികപ്പള്ളി താലൂക്കിലെ ഓരുവെള്ളം കടന്നുവരുന്ന തോടുകളിൽ ഓരുമുട്ട് ഇടുന്നത് ഇറിഗേഷൻ വകുപ്പും തദ്ദേശ ഭരണ സ്ഥാപനങ്ങളുമാണ്. കൃഷിവകുപ്പ് ഈ കാര്യങ്ങൾ ഏറ്റെടുക്കുവാൻ നടപടിക്രമമില്ല.

കർഷകർക്ക് സൗജന്യ വൈദ്യുതി

116 [410] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ആവശ്യത്തിനായി കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ വൈദ്യുതി ചാർജ് ഇലക്ട്രിസിറ്റി ബോർഡിന് നൽകുന്നതിനു സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) സൗജന്യമായി മുൻകാലങ്ങളിൽ കർഷകർക്ക് വൈദ്യുതി നൽകിയ ഇനത്തിൽ ഇലക്ട്രിസിറ്റി ബോർഡിനു വൈദ്യുതി ചാർജ് നൽകാത്തതിനാൽ വൈദ്യുതി കണക്ഷനുകൾ വ്യാപകമായി വിച്ഛേദിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കുന്നതിനു എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly